


# വിത്തുകൾ ബഹുരാഷ്ട്രക്കുത്തകളുടെ കൈകളിലേക്ക്

വാണി വി.

'വിത്തു വിറ്റുണ്ണരുത്' എന്ന പഴമൊഴി... വിത്തു വിറ്റും ഉണ്ണണം എന്ന് പുതുമൊഴി... കൃഷിയുടെയും കർഷകരുടേയും വക്താക്കളാകേണ്ടവർ തന്നെ കൃഷി സംസ്ക്കാരത്തിന്റെ കടക്കൽ കത്തിവയ്ക്കുകയാണിവിടെ. കേരള കാർഷികസർവകലാശാലയുടെ കീഴിലുള്ള പട്ടാമ്പി നെല്ലു ഗവേഷണകേന്ദ്രത്തിൽ നിന്ന് പുറത്തിറക്കിയ പാരമ്പര്യനെല്ലുകൾ ഉൾപ്പെടെയുള്ള വിത്തിനങ്ങൾ മാഹികോ കമ്പനിക്ക് ഗവേഷണങ്ങൾക്ക് കൊടുത്തുകൊണ്ടുള്ള സർവ്വകലാശാലയുടെ ഉത്തരവ് എങ്ങനെയോ ചോർന്ന സാഹചര്യത്തിൽ സർവ്വകലാശാലയുടെ നയം കൂടുതൽ വെളിപ്പെടുന്നു.

ഹരിതവിപ്ലവത്തിന്റെ കോലാഹലങ്ങൾക്ക് ഒടുവിൽ, ഭക്ഷ്യസുരക്ഷ കുത്തനെ താഴോട്ട് പോകുന്ന ഈ കാലഘട്ടത്തിൽ നിത്യഹരിതവിപ്ലവവുമായി ഡോ. എം.എസ്. സ്വാമിനാഥൻ വീണ്ടും രംഗത്തേക്ക് വരുന്നു. നിത്യഹരിതവിപ്ലവം ജനിതകവിപ്ലവത്തിലൂടെ എന്നതാണ് അദ്ദേഹത്തിന്റെ മുദ്രവാക്യം. ജനിതകമാറ്റം വരുത്തുന്ന വിത്തിനങ്ങൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വിദർഭ (ബി.ടി കോട്ടൺ) ഉൾപ്പെടെ ഈ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കർഷകനെ തന്നെ തുടച്ചുനീക്കികൊണ്ടിരിക്കുന്നത് നമ്മൾ കാണുന്നതാണല്ലോ. അപ്പോഴാണ് ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവായ ഡോ. എം.എസ് സ്വാമിനാഥന്റെ പുതിയ മുദ്രാവാക്യവുമായുള്ള കടന്നുവരവ്. ഇതിന് പിന്നിൽ പ്രവർത്തിക്കുന്ന കരങ്ങൾ ആരുടെയൊക്കെ എന്ന് നമുക്ക് കൂട്ടിവായിക്കാം. റിച്ചാരിയ ഫൗണ്ടേഷനിൽനിന്ന് (Richaria foundation) നെല്ലു വിത്തുകൾ IRRI (International Rice Research Institute) -ലേക്ക് കടത്തികൊണ്ടുപോയതിന് പുറമെ IRRI യുടെ ഡയറക്ടർസ്ഥാനവും പിന്നീട് FAO (Food & Agriculture Organisation)-ന്റെ തലപ്പത്ത് വരെയെത്തിയ ഡോ. എം.എസ് സ്വാമിനാഥൻ ചെയ്തത് കാലങ്ങളായി കർഷകരുടെ ജൈവ വൈവിധ്യസമ്പുഷ്ടവുമായ ഇന്ത്യ ഭൂപ്രകൃതിയും നിലനിർത്തിപോന്ന പാരമ്പര്യ നെല്ലുവിത്തിനങ്ങൾക്കുവേണ്ടിയും പിന്നീട് മഞ്ഞളും, വേപ്പും, ബസുമതിയും രാജ്യാന്തരതർക്കവിഷയങ്ങളായപ്പോഴും ഇത് നമ്മുടെ പ്രമുഖരായ കാർഷികശാസ്ത്രജ്ഞൻ തുടങ്ങിവച്ച പാരമ്പര്യത്തിന്റെ പിൻതുടർച്ചയാണെന്ന് ആരും കണ്ടില്ല. അല്ലെങ്കിൽ കണ്ടില്ലെന്നു നടിച്ചു. തീവ്ര ഇടതുപക്ഷ ചിന്താഗതിക്കാർ മിനിറ്റ് മിനിറ്റിന് ആഗോളവത്കരണം, സാമ്രാജ്യ ഭീകരത എന്ന് സാധാരണ ജനങ്ങൾക്ക് മനസ്സിലാകാത്ത കടുകട്ടി ഭാഷയിൽ പ്രസംഗിക്കുമ്പോഴും നമ്മുടെ കൈയിൽനിന്ന് ചോർന്ന് പോകുന്ന നമ്മുടെ ഭക്ഷ്യസുരക്ഷയെ കുറിച്ച് ആശങ്കപ്പെടുന്നതേയില്ല. വളരെ ന്യൂനപക്ഷമായ പരിസ്ഥിതിപ്രവർത്തകർ മാത്രമാണ് ഇന്ന് ഇവിടെ ഇതിനെകുറിച്ച് ആശങ്കപ്പെടാറുള്ളത്.

ആഗോളവത്കരണം നമ്മുടെ കാർഷികസർവ്വകലാശാലകളെയും വിഴുങ്ങികൊണ്ടിരിക്കുന്നു. Collaboration കളും Technology transfer ഉം Agricluture knowledge Initative എന്നൊക്കെ ജാഡ പേരുകളിട്ട്, വൻകിട സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തുമ്പോൾ അത് എന്തിന് നടത്തുന്നു, എങ്ങനെ നടത്തുന്നു, അതിന്റെ പിൻതുടർച്ച എന്ത് എന്ന് ഇവിടുത്തെ ഭരണകൂടമോ രാഷ്ട്രീയകാരോ ശ്രദ്ധിക്കാറില്ല. ഇപ്പോഴിതാ കേരള സർവകലാശാലയുടെ കീഴിലുള്ള പട്ടാമ്പി നെല്ലു ഗവേഷണകേന്ദ്രത്തിൽനിന്നും പാരമ്പര്യവിത്തുകൾ ഉൾപ്പെടെയുള്ള 57 നെൽവിത്തിനങ്ങൾ മാഹികോ എന്ന ബഹുരാഷ്ട്രകുത്തക കമ്പനിക്ക് കൈമാറാനുള്ള ശ്രമങ്ങളിലാണ് കേരള കാർഷിക സർവകലാശാല.

2004 ലെ International Rice Yearനോട് അനുബന്ധിച്ചിട്ടുള്ള ആഘോഷ പരിപാടികളുടെ ഭാഗമായി M.S. Swaminathan research foundation നും മാഹികോയും നടത്തിയ വർക്ക് ഷോപ്പിൽ പട്ടാമ്പി നെല്ല് ഗവേഷണകേന്ദ്രത്തിൽ നിന്നുള്ള വിത്തുകൾ ഗവേഷണങ്ങൾക്കുവേണ്ടി മഹികോയ്ക്ക് കൈമാറാനുള്ള പ്രാരംഭനടപടികളിലേക്ക് എത്തി. ഈ കാർഷികമാമാങ്കത്തിന്റെ യഥാർത്ഥഫലം പുറത്തുവന്നത് ഈ മാസം മഹികോ കമ്പനി ഒപ്പിട്ടയച്ച MoU കേരള കാർഷിക സർവകലാശാലയുടെ ഫയലിൽനിന്നും ചോർ

# വിഴിഞ്ഞം തുറമുഖം
# വികസനം വീണ്ടും നീതി കൈവിടുന്നു

**കേരളീയം വാർത്താശൃംഖല**

പ്രകൃതിദത്തമായ സ്വാഭാവിക തുറമുഖം വിഴിഞ്ഞത്തുള്ളതിനാൽ വലിയ നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമില്ലെന്ന് പറഞ്ഞ സർക്കാർ നിലപാടുകളിൽനിന്ന് വ്യതിചലിച്ച് തുറമുഖവുമായി ബന്ധമില്ലാത്ത സ്വകാര്യ സംരംഭകർക്കായി വിഴിഞ്ഞത്ത് വൻതോതിൽ ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിരിക്കുന്നു. വിഴിഞ്ഞം തുറമുഖമെന്ന വികസന സ്വപ്നം പൂർത്തിയാകണമെങ്കിൽ അനുബന്ധ വ്യവസായങ്ങൾ കൂടി ആരംഭിക്കണമെന്ന് കണ്ടെത്തിയ സർക്കാർ സമീപത്തുള്ള എട്ട് പഞ്ചായത്തുകളിലായി പതിനായിരത്തിലധികം കുടുംബങ്ങളെ കുടിയിറക്കാൻ തയ്യാറെടുത്തുകഴിഞ്ഞു. വൻകിട വ്യവസായികൾക്ക് ഭൂമി കണ്ടെത്തുന്നതിനായി സർക്കാർ കിറ്റ്കോ (കേരള ഇൻഡസ്ട്രിയൽ & ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ) എന്ന ഏജൻസിയുടെ സഹായമാണ് തേടിയിരിക്കുന്നത്. കിറ്റ്കോ റിപ്പോർട്ട് പ്രകാരം ഭൂമി ഏറ്റെടുക്കാൻ പോകുന്നത് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ ഷോപ്പിങ്ങ് മാളുകൾ, ലക്ഷ്വറി ആന്റ് ബജറ്റ് ഹോട്ടലുകൾ, വിനോദശാലകൾ, ബിസിനസ്സ് സെന്ററുകൾ തുടങ്ങിയ വൻസംരംഭങ്ങൾക്കായാണ്.

ഇവർക്കെല്ലാം ഭൂമി ഏറ്റെടുക്കാൻ സർക്കാർ ഇടനിലക്കാരനായി നിൽക്കുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ 20 കിലോമീറ്റർ ചുറ്റളവിൽ സെസ് സ്ഥാപിക്കുന്നതിനുള്ള ക്യാബിനറ്റ് തീരുമാനവും തീർത്തും വൻകിടക്കാരെ മാത്രം ലക്ഷ്യംവെച്ചുള്ളതാണ്. ചുരുക്കത്തിൽ കൊട്ടിഘോഷിക്കുന്ന വികസന പദ്ധതികളെല്ലാം ചെയ്യുന്നതുപോലെ വിഴിഞ്ഞം തുറമുഖവും പാവപ്പെട്ടവരുടെ വികസന സ്വപ്നങ്ങളെ തച്ചുടച്ച്, സ്വഭവനങ്ങളിൽ നിന്നുപോലും അവരെ പിഴുതെറിഞ്ഞ് വരേണ്യ വികസന സങ്കൽപ്പങ്ങളെ വൻകിടക്കാർക്കായി പ്രതിഷ്ഠിക്കുകയാണ്. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ വികസനത്തിന്റെ ഭാഗമായി നിർബന്ധിത കുടിയൊഴിപ്പിക്കൽ നടന്ന മൂലമ്പിള്ളിയിലും ചേരനെല്ലൂരുമെല്ലാം സംഭവിച്ചതുപോലെ ശക്തമായ ജനകീയ പ്രക്ഷോഭം നീതിരഹിതമായ കുടിയൊഴിപ്പിക്കലിനെതിരെ വിഴിഞ്ഞത്തും ഉയർന്നുവരേണ്ടിയിരിക്കുന്നു. തദ്ദേശവാസികളെ പാടേ തിരസ്കരിച്ചുകൊണ്ടുള്ള വികസന നയത്തിനെതിരെ പ്രാദേശികമായ പ്രതിഷേധങ്ങൾ വിഴിഞ്ഞത്ത് ആരംഭിച്ചിട്ടുണ്ട്.

ന്നപ്പോഴാണ്. രാഷ്ട്രീയത്തിന്റെ വിരുദ്ധചേരികളുടെ തൊഴുത്തിൽ കുത്തും പാരവെപ്പും ആണ് യഥാർത്ഥത്തിൽ ഈ ചോർച്ചയുടെ പ്രചോദനം. എന്നിരുന്നാലും ഇത് ഫലത്തിൽ നമ്മുടെ നെൽവിത്തിനങ്ങൾ സംരക്ഷിക്കാനുള്ള മുന്നറിയിപ്പാണ് തരുന്നത്. അതിനോടൊപ്പം തന്നെ സ്ഥാനമാനങ്ങൾക്കും വിദേശ ടൂറിസ്റ്റുകൾക്കുംവേണ്ടി നമ്മുടെ നാടിനേയും നമ്മുടെ കർഷകരെയും നമ്മുടെ പാരമ്പര്യത്തേയും നമ്മുടെ ജൈവവൈവിധ്യത്തേയും തീറെഴുതി കൊടുക്കാനുള്ള നമ്മുടെ കാർഷിക ശാസ്ത്രജ്ഞരുടെ സന്നദ്ധതയും ആണ് തുറന്നുകാട്ടുന്നത്. എന്തിനുവേണ്ടി കാർഷികസർവ്വകലാശാലകൾ നിലനിൽക്കുന്നു എന്നുള്ളത് നമ്മുടെ ഭക്ഷ്യസുരക്ഷക്കു മുന്നിൽ ഒരു വലിയ ചോദ്യചിന്ഹമായി നിൽക്കുകയാണ്. ഇത്ര വലിയ ഒരു രാജ്യദ്രോഹത്തിനു മുന്നിലുള്ള അധികൃതരുടെ നിസ്സംഗഭാവം വീണ്ടും പല ചിന്തകൾക്കും വഴിതെളിക്കുന്ന വിത്ത് കൈമാറ്റത്തിനുള്ള നീക്കങ്ങൾ നടക്കുമ്പോൾ അതും നാലു കൊല്ലമായി കമ്പനിയും സർവകലാശാലയും നടത്തുന്ന എഴുത്തുകുത്തുകളിൽ ഒരിക്കൽപോലും സർവകലാശാലയുടെ കാര്യങ്ങളിൽ അന്തിമ തീരുമാനമെടുക്കുന്ന എക്സിക്യൂട്ടിവ് കമ്മിറ്റിയിലോ ജനറൽ ഇകൗൺസിലിലോ ഇതിനെപറ്റി ചർച്ച വന്നിട്ടേയില്ല. എന്തുകൊണ്ട്? തികച്ചും വ്യക്തമാണ്. ഇത് വ്യക്തിപരമായ നേട്ടങ്ങൾക്ക് വേണ്ടി നമ്മുടെ രാജ്യത്തെ നമ്മുടെ ജൈവസമ്പത്തിനെ തീറെഴുതികൊടുക്കലാണ്. എന്നിട്ടും സർക്കാരിന്റെ ഭാഗത്തുനിന്നും നടപടികൾ വൈകുന്നതെന്തേ?

പൊതുവേ ഇടതു പക്ഷത്തിന് അമേരിക്കൻ സാമ്രാജ്യത്വശക്തി എന്നു കേട്ടാൽ തന്നെ ചൊറിഞ്ഞു വരും. ആണവ കരാറെന്നു കേട്ടാൽതന്നെ ആകെപ്പാടെ ഒരു ഹാലിളക്കമാണ്. പക്ഷെ എന്തുകൊണ്ട് കരാറിലെ കൃഷി പരിസ്ഥിതി മേഖലകളിലുള്ള Knowledge transfer എന്ന കാര്യത്തെകുറിച്ച് ശ്രദ്ധിക്കുന്നതേ ഇല്ല, മിണ്ടാട്ടമില്ല. വിപ്ലവം തലക്കു പിടിച്ചപ്പോൾ ഭക്ഷ്യസുരക്ഷ വേണ്ടേ? പത്രങ്ങളിലെ വളറെ ചെറിയ കോളങ്ങളിൽ ഒടുങ്ങേണ്ട വർത്തയാണോ ഇത്? ആരും പ്രതികരിച്ചു കണ്ടില്ല. 'ഭക്ഷ്യ സുരക്ഷ! ഭക്ഷ്യസുരക്ഷ' എന്നു പുലമ്പുമ്പോഴും ജനിതക മാറ്റം വരുത്തിയ വിത്തുകൾ നമ്മുടെ കാർഷികരംഗം കീഴടക്കുന്നത് ആരും കണ്ടില്ലെന്ന് നടിക്കുകയാണോ?

ഒക്ടോബർ 16 ലോകഭക്ഷ്യ ദിനം എന്ന് നമ്മൾ കൊടി കുത്തി ആഘോഷിക്കുമ്പോൾ ഒന്ന് ഓർക്കുക. നമ്മൾ ഇപ്പോൾ ഭക്ഷ്യസുരക്ഷ ബഹുരാഷ്ട്ര കുത്തക കമ്പനികൾക്ക് ഏല്പിച്ചിരിക്കുകയാണ്. ആര് എന്ത് കഴിക്കണം? എപ്പോൾ കഴിക്കണം എന്ന് ഇനി നിശ്ചയിക്കുക അവരാണ്. കാർഷിക സർവ്വകലാശാലകൾ അടച്ചുപൂട്ടുന്നതാണ് നല്ലത്.

*ബോധകം, കാസർകോഡ്*